**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **07-02-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര റഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ , സംസ്ഥാനപാതക്കരികിൽ സ്ഥിതി ചെയ്യുന്ന പേരാമ്പ്ര റഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നടന്നു കൊണ്ടിരിക്കുന്ന കേസിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി 1.43 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. സൊസൈറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽ നിന്ന് നിലവിലുള്ള മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29.07.2003 ലെ സ.ഉ(സാധാ) 2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16.09.2019 ലെ സ.ഉ(സാധാ) 2539/2019/റവ, 11.12.2019 ലെ സ.ഉ(സാധാ) 3708/2019/റവ എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങൾ ഇല്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 26933/2019 ഹർജിയിലെ 10.10.2019 ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് 04.08.2020, 25.01.2023 എന്നീ തിയതികളിൽ എതിർ സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എന്തൊക്കെ രേഖകൾ കോടതിയിൽ സമർപ്പിച്ചു എന്നറിയിക്കാമോ; | (ബി) | മലബാർ മാർക്കറ്റിംങ്ങ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കളക്ടേറ്റിലെ എ5-302/64 ലാന്റ് അക്വിസിഷൻ ഫയൽ 21.12.2022ന് ഗവൺമെന്റ് പ്ലീഡർക്ക് കൈമാറിയിട്ടുള്ളതാണ്. |
| (സി) | കൂടുതൽ രേഖകൾ കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ